പ്രവർത്തനരഹിതമായ വൈദ്യുതി മീറ്ററുകൾ

6 (373) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് എത്ര വൈദ്യുതി മീറ്ററുകൾ നിലവിൽ പ്രവർത്തന രഹിതമായിട്ടുണ്ട് ; ഇത്രയധികം മീറ്ററുകൾ കേടാകുന്നതിനുള്ള കാരണം വൈദ്യുതി ബോർഡ് അന്വേഷിച്ച് കണ്ടെത്തിയിട്ടുണ്ടോ ?

ഉത്തരം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അധീനതയിലുള്ള ആകെ വൈദ്യുത കണക്ഷനുകളിൽ 635470 (5.465%) വൈദ്യുത മീറ്ററുകൾ (31-10-2015-ലെ കണക്ക് പ്രകാരം) കേടായവയുണ്ട്.

ഉപഭോക്താവിന്റെ പ്രിമിസസിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുത മീറ്ററുകൾ ഇലക്ട്രിക് ലൈനുമായി നേരിട്ട് ബന്ധിപ്പിച്ചിരിക്കുന്നത് കൊണ്ട് ലൈനിൽ ഉണ്ടാകുന്ന തകരാറുകൾ ഇലക്ട്രിക് മീറ്ററിനെ ബാധിക്കാനുള്ള സാദ്ധ്യത കൂടുതലാണ്. ഇടി, മിന്നൽ തുടങ്ങിയ പ്രകൃതിക്ഷോഭം മൂലവും മീറ്ററുകൾക്ക് തകരാർ സംഭവിക്കുന്നുണ്ട്. നിയമാനുസൃതം വൈദ്യുത മീറ്ററുകൾ കെട്ടിടത്തിന്റെ പുറം ചുമരിലാണ സ്ഥാപിക്കേണ്ടത്. അല്ലാതെയുള്ള കാലാവസ്ഥാ വ്യതിയാനങ്ങളും മീറ്ററിനെ ബാധിക്കുന്നുണ്ട്. ഇതിനൊക്കെ പുറമെ വൈദ്യുതി മീറ്ററിനുള്ളിലുള്ള അതിനൂതനമായ ഇലക്ട്രോണിക് കമ്പോണൻസിന്റെ തകരാറുമൂലവും മീറ്ററുകൾ പ്രവർത്തനരഹിതമാകുന്നുണ്ട്.

വൈദ്യുതി ചാർജ്ജ്

7 (374) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11, 2014-15 സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വൈദ്യുതി ചാർജ് ഇനത്തിലുള്ള വരുമാനം എത്രയായിരുന്നു ; 2015-16 വർഷത്തിൽ കെ.സ്.ഇ.ബി. അതിന്റെ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണ്; വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൈദ്യുതിചാർജ് എത്ര തവണ വർദ്ധിപ്പിക്കുകയുണ്ടായി; എത്ര ശതമാനം വീതമായിരുന്നു നിരക്ക് വർദ്ധന ; ഓരോ നിരക്ക് വർദ്ധനയിലൂടെയും അധികമായി ലഭിച്ച വരുമാനം എത്ര വീതമായിരുന്നു. ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ബോർഡിന്റെ നഷ്ടം എത്ര കോടിയായിരുന്നു ; ഇപ്പോൾ അത് എത്രയാണ്; 2010-11-ലേതിനേക്കാൾ എത്ര ശതമാനം നഷ്ടം 2014-15 വർഷത്തിലുണ്ടായിട്ടുണ്ട് ; നിലവിൽ എത്ര കോടി രൂപയുടെ കടബാധ്യതകൾ ഉണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) 2010-11, 2014-15 സാമ്പത്തിക വർഷങ്ങളിലെ കെ.എസ്.ഇ.ബി.-യുടെ വൈദ്യുതി ചാർജ്ജിനത്തിലുള്ള വരുമാനം ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	തുക (കോടിയിൽ)
2010-11	5403.76
2014-15 (യാത്കാലിക കണക്ക്)	10116.26

2015-16-ൽ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്ന വരുമാനം 10340.84 കോടിയാണ്.

(ബി) മൂന്നു തവണ വൈദ്യുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. നിരക്ക് വർദ്ധനവ് (ശതമാനത്തിൽ) അധികവരുമാനം എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു :

വർദ്ധനവ് പ്രാബല്യത്തിൽ വന്ന തീയതി	വർദ്ധനവ് വർഷം തിരിച്ച്	അധിക വരുമാനം	(ശതമാനത്തിൽ)
1-7-2012	2012-13	1257 കോടി	24
1-5-2013	2013-14	589 കോടി	9.1
16-8-2014	2014-15	600 കോടി	6.7

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കുന്നത്. 2010-11 സാമ്പത്തിക വർഷത്തിൽ കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്ന ഇക്വിറ്റിയുടെ 15.5% ലാഭം അക്കൗണ്ട്സിൽ കാണിച്ചിട്ടുണ്ട്. ഈ ലാഭം കാണിക്കേണ്ട തുകയിൽ വന്ന കുറവും, നഷ്ടവും ചേർത്ത് റവന്യൂ ഗ്യാപ്പ്/റെഗുലേറ്ററി അസറ്റായി കാണിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്രകാരം 2010-11 സാമ്പത്തിക വർഷത്തെ റവന്യൂ ഗ്യാപ്പ് 1229.63 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തെ താല്കാലിക കണക്ക് പ്രകാരം നഷ്ടം 1272.90 കോടി രൂപയുമാണ്. നിലവിലെ ബോർഡിന്റെ കടബാദ്ധ്യതകൾ 23-11-2015 പ്രകാരം ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

ഓവർ ഡ്രാഫ്റ്റ്	1635.70
ഹ്രസ്വകാല വായ്പ	2500.00
മദ്ധ്യകാല വായ്പ	313.89
ദീർഘകാല വായ്പ	1455.52
ആകെ	5905.11 കോടി രൂപ

വൈദ്യുതി ചാർജ് കുടിശ്ശിക

8 (375) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ കെ.എസ്.ഇ.ബി.-യുടെ ശരാശരി പ്രതിമാസ വരവ്-ചെലവ് കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ഇ.ബി.-യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയായിരുന്നെന്നും നിലവിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കേണ്ട കേന്ദ്ര-സംസ്ഥാന-അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവയുടെ കുടിശ്ശിക എത്ര കോടി രൂപ വീതമെന്ന് വ്യക്തമാക്കുമോ ;

(ഡി) കുടിശ്ശികയിനത്തിൽ സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും എത്ര തുക അടയ്ക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ കുടിശ്ശിക അടയ്ക്കുന്നതിൽ എത്ര തുകയുടെ ഒഴിവാക്കൽ ഇളവുകൾ അനുവദിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly